I ഇ.ബി. XV - കേരള നിയമസഭ/IX-2

പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 ആഗസ്റ്റ് 08, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 87-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 87-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം മുഖ്യമന്ത്രി മേശപ്പുറത്തുവച്ചു.

## II ചരമോപചാരം

<u>എം. ചന്ദ്രൻ, ഡോ. എം. എ. കുട്ടപ്പൻ, പ്രൊഫ എം. നബീസ ഉമ്മാൾ</u>

<u>എന്നിവരുടെ നിര്യാണം</u>

മുൻ മന്ത്രി ഡോ. എം. എ. കുട്ടപ്പൻ, മുൻ നിയമസഭാംഗങ്ങളായ എം. ചന്ദ്രൻ, പ്രൊഫ. എം. നബീസ ഉമ്മാൾ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## III ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ സി. എച്ച്. കുഞ്ഞമ്പു, വാഴൂർ സോമൻ, സജീവ് ജോസഫ് എന്നീ അംഗങ്ങളെ പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## IV അടിയന്തരപ്രമേയം

### വിലക്കയറ്റം

<u>മി. സ്പീക്കർ:</u> സംസ്ഥാനത്തെ സപ്ലൈകോ ഔട്ട്ലെറ്റുകളിൽ സബ്സിഡി സാധനങ്ങളുടെ സ്റ്റോക്കില്ലാത്തതും വിപണിയിൽ കാര്യക്ഷമമായി ഇടപെടാൻ സർക്കാർ പരാജയപ്പെട്ടതും കാരണം

സംസ്ഥാനത്തുണ്ടായിരിക്കുന്ന രൂക്ഷമായ വിലക്കയറ്റം ജനജീവിതം **ദുസ്സഹമായതായി** പറയപ്പെടുന്ന സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): രാജ്യത്തൊരിടത്തുമില്ലാത്ത വിപുലവും മാതൃകാപരവുമായ പൊതുവിതരണസംവിധാനവും വിപണി ഇടപെടലുമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കാത്തതും മറ്റുസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യേണ്ടിവരുന്നതുമായ ഉല്പന്നങ്ങൾക്കാണ് വിലവർദ്ധനവുണ്ടാകുന്നത്. രാജ്യത്തെമ്പാടുമുള്ള വിലവർദ്ധനവാണ് ഇവിടെയും ഉണ്ടായിട്ടുള്ളതെങ്കിലും ഉല്പാദകസംസ്ഥാനങ്ങളെക്കാൾ വിലകുറച്ചുകൊടുക്കാനുള്ള ഇടപെടലാണ് സംസ്ഥാന സർക്കാർ തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുന്നത്. വിലവർദ്ധനവ് നേരിട്ട സമയത്ത് മാർക്കറ്റിൽ ഇടപെട്ടുകൊണ്ട് അധികവിലയ്ക്ക് സാധനങ്ങൾ വാങ്ങി കുറഞ്ഞ വിലയ്ക്ക് സപ്ലൈകോ

മുഖാന്തിരം വിതരണം ചെയ്യുകയുണ്ടായി. മുൻവർഷത്തെ അപേക്ഷിച്ച് 2023-ൽ സബ്സിഡി ഉത്പന്നങ്ങളുടെ വിറ്റുവരവിൽ 25 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്കില്ലാത്ത ഉത്പന്നങ്ങൾ ലഭ്യമാക്കാൻ സർക്കാർ പരമാവധി ശ്രമിച്ചിട്ടുണ്ട്. ഓണം പ്രമാണിച്ച് റേഷൻ കടകളിലൂടെ എല്ലാ കാർഡുടമകൾക്കും പുഴക്കലരി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: ഓണക്കാലത്ത് നികുതി വർദ്ധനവിലൂടെ സർക്കാർ ജനങ്ങളെ ബുദ്ധിമുട്ടിക്കുകയാണ്. വിവിധ സപ്ലൈകോ ഔട്ട്ലെറ്റുകളിൽ സബ്സിഡി സാധനങ്ങൾ സ്റ്റോക്കില്ലാത്ത അവസ്ഥയാണ്. 13 ഇനം സബ്സിഡി ഉത്പന്നങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടില്ലെന്ന വാദം ശരിയല്ല. സബ്സിഡി റേറ്റിൽ വിൽപ്പന നടത്തുന്ന വെളിച്ചെണ്ണയ്ക്ക് വില കുറവാണെങ്കിലും സ്റ്റോക്ക് പരിമിതമാണ്. സപ്ലൈകോ, മാവേലി സ്റ്റോർ മുഖാന്തരം നിത്യോപയോഗ സാധനങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ജനങ്ങൾ പൊതുമാർക്കറ്റിൽ നിന്ന് ഉയർന്ന വിലയ്ക്ക് സാധനങ്ങൾ വാങ്ങാൻ നിർബന്ധിതമാകുകയാണ്. പൊതുവിപണിയിലിടപെടൽ നടത്തുന്നതിനാവശ്യമായ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഓണക്കിറ്റ് വിതരണം സംബന്ധിച്ച് വ്യക്തത വരുത്തണം. സപ്ലൈകോയുടെ ബാധ്യത പരിഹരിക്കുന്നതിന് മുഖ്യമന്ത്രി

അടിയന്തരമായി ഇടപെടണം. വിലക്കയറ്റംമൂലം പാവപ്പെട്ട ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഓണച്ചന്തകൾ ആരംഭിക്കാനുള്ള നടപടി ഇതുവരെയും സ്വീകരിച്ചിട്ടില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): ഓണക്കാലത്തുമാത്രമല്ല അനിവാര്യഘട്ടങ്ങളിലെല്ലാം കിറ്റ് വിതരണം നടത്തുന്നതിൽ അനുഭാവപൂർണ്ണമായ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. വിലക്കയറ്റം സംബന്ധിച്ച് മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ പൂർണ്ണമായും ശരിയല്ല. കഴിഞ്ഞ വർഷം കർഷകരിൽനിന്ന് സംഭരിച്ച നെല്ലിന്റെ വിലയിൽ കൊടുക്കാനുള്ള ബാക്കി തുക ഇന്ന് അക്കൗണ്ടുകളിൽ ലഭ്യമാക്കുന്നതാണ്. ഓണക്കാലത്ത് ഏറ്റവും കൂടുതൽ ഉത്പന്നങ്ങൾ സപ്ലൈകോ ഔട്ട്ലെറ്റുകളിലൂടെ വിതരണം ചെയ്യാനും എല്ലാ മണ്ഡലങ്ങളിലും താലൂക്ക് കേന്ദ്രങ്ങളിലും ആഗസ്റ്റ് 23 മുതൽ ആറ് ദിവസത്തേയ്ക്ക് ഓണച്ചന്തകൾ ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. സപ്ലൈകോ മാർക്കറ്റുകളിലൂടെ 40 ഓളം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുന്നതുകൂടാതെ സപ്ലൈകോ ഔട്ട്ലെറ്റുകളിലൂടെ 10 കിലോ അരി എല്ലാ കാർഡുടമകൾക്കും വിതരണം

ചെയ്യുന്നുണ്ട്. സപ്ലൈകോ മാർക്കറ്റുകളിൽ ഉത്പന്നങ്ങളുടെ ലഭ്യതക്കുറവ് അടിയന്തരമായി പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**V ശ്രദ്ധ ക്ഷണിക്കൽ**

(1) <u>നാളികേരത്തിന്റെ വിലയിടിവ്</u>

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: നാളികേരത്തിന്റെ വിലയിടിവ് മൂലം സംസ്ഥാനത്തെ കേരകർഷകർ പ്രതിസന്ധി നേരിടുകയാണ്. ഉല്പാദനച്ചെലവും വിലയും തമ്മിൽ ഗണ്യമായ അന്തരമാണുള്ളത്. വിത്തുനാളികേരം ശേഖരിച്ചതിന്റെ തുക കർഷകർക്ക് ലഭ്യമാക്കണം. സാമ്പത്തിക പ്രതിസന്ധിക്കിടയിലും സംഭരണവില ഉയർത്തിയ സർക്കാർ നടപടി പ്രശംസനീയമാണ്. നിലവിലുള്ള നാളികേര സംഭരണ കേന്ദ്രങ്ങളുടെ

എണ്ണം അപര്യാപ്തമായതിനാൽ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒരു സംഭരണകേന്ദ്രമെങ്കിലും സ്ഥാപിക്കുന്നതിനും ഉണ്ടകൊപ്ര സംഭരണം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ആഴ്ചയിൽ അഞ്ചുദിവസവും തേങ്ങ സംഭരിക്കുന്നതിനും കൃഷിക്കാർ കൊണ്ടുവരുന്ന മുഴുവൻ തേങ്ങയും സ്വീകരിക്കുന്നതിനുമുള്ള സംവിധാനമുണ്ടാക്കണം. സംഭരണവില യഥാസമയം ലഭ്യമാക്കണം. വിത്തുനാളികേരത്തിന്റെ തുകയും സംഭരണവിലയുടെ കുടിശ്ശികത്തുകയും ഓണത്തിനുമുമ്പ് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സംസ്ഥാനത്തെ നാളികേര കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരഫെഡ് മുഖേന നേരിട്ടും വിവിധ സ്ഥാപനങ്ങൾ മുഖേനയും പച്ചത്തേങ്ങ സംഭരിച്ചുവരുന്നുണ്ട്. ഇതോടൊപ്പംതന്നെ കേന്ദ്ര പദ്ധതിയിലുൾപ്പെടുത്തി കൊപ്ര സംഭരണം ആരംഭിച്ചിട്ടുണ്ട്. കേന്ദ്രം നൽകുന്ന താങ്ങുവിലയ്ക്കുപുറമേ സംസ്ഥാനം കൊപ്ര സംഭരണത്തിൽ അടിസ്ഥാനവില ഉറപ്പാക്കുന്നുണ്ട്. വർദ്ധിച്ച ഉല്പാദന ചെലവ് പരിഗണിച്ച് സംസ്ഥാനാടിസ്ഥാനത്തിൽ കൊപ്രയ്ക്ക് താങ്ങുവില

പ്രഖ്യാപിക്കണമെന്നും നിലവിലെ നിരക്ക് ഉയർത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കർഷകർ രേഖാമൂലം ആവശ്യപ്പെടുന്നപക്ഷം അഞ്ചു തവണയായി നാളികേരം സംഭരിക്കുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. കേരള സർക്കാരിന്റെ പ്രൈസ് സപ്പോർട്ട് സ്കീമിലെ നിബന്ധന പ്രകാരം കേരഫെഡിനെ കൊപ്ര സംഭരണത്തിൽ നിന്ന് നാഫെഡ് ഒഴിവാക്കിയതിനാൽ പ്രസ്തുത വ്യവസ്ഥ മാറ്റി നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് രേഖാമൂലവും നേരിട്ടും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇടപെട്ട് കൊപ്ര സംഭരണ പദ്ധതിയിൽ പച്ചത്തേങ്ങ കൂടി സംഭരിച്ച് അംഗീകൃത ഏജൻസികൾ മുഖേന കൊപ്രയാക്കി നാഫെഡിന് കൈമാറുന്ന നടപടി സ്വീകരിച്ചിട്ടുള്ളതുകൂടാതെ ഉണ്ടക്കൊപ്ര കൂടി സംഭരണത്തിൽ ഉൾപ്പെടുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കർഷകരുടെ ആവശ്യാനുസരണം പുതിയ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് കൃഷി ഡയറക്ടർക്ക് അനുവാദം നൽകിയിട്ടുണ്ട്. സംഭരിച്ച നാളികേരത്തിന്റെ കുടിശ്ശിക എത്രയും വേഗം കൊടുത്തുതീർക്കുന്നതാണ്.

## (2) ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡംഗങ്ങളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കൽ

ശ്രീ. സി. ആർ. മഹേഷ്: കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷൻ കുടിശ്ശിക നൽകുന്നതിനും പുതുതായി പെൻഷന് അപേക്ഷ നൽകിയ നാൽപ്പതിനായിരത്തോളം തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്നതിനും വിവാഹാനുകൂല്യം ഉൾപ്പെടെ കുടിശ്ശികയായ മറ്റെല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. അംശദായം കൂട്ടുന്നതിനനുസരിച്ച് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും വിധവാ പെൻഷൻ 3000 രൂപയായി ഉയർത്തുകയും വേണം. പെൻഷൻ ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നിലവിൽ 3,80,014 പേർക്ക് പെൻഷൻ നൽകിവരുന്നു. നിലവിൽ 2022 നവംബർ മാസംവരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനും ഭരണപരമായ ചെലവുകൾക്കുമായി പ്രതിമാസം 67 കോടി രൂപ ബോർഡിന്

ആവശ്യമായി വരുന്നുണ്ട്. സെസ് പിരിവിലൂടെ ബോർഡിനു ലഭിക്കുന്ന വരുമാനം വളരെ തുച്ഛമായതിനാൽ വിവാഹാനുകൂല്യങ്ങൾ ഉൾപ്പെടെ വിതരണം ചെയ്യാൻ കാലതാമസം നേരിടുന്നുണ്ട്. ലേബർ വകുപ്പിന്റെ മേൽനോട്ടത്തിൽ സെസ് പിരിച്ചെടുക്കുന്നതിന് അദാലത്തുകൾ നടത്തുന്നുണ്ട്. കുടിശിക ഓണത്തിനുമുമ്പ് കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷൻ ലഭിക്കുന്നതിന് കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ധനകാര്യവകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് മരവിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## VI സബ്മിഷൻ

### (1) വാരപ്പെട്ടി പഞ്ചായത്തിലെ വാഴക്കൃഷി നശിപ്പിക്കൽ

ശ്രീ. വി. ഡി. സതീശൻ: എറണാകുളം വാരപ്പെട്ടി പഞ്ചായത്തിലെ കാവുംപുറത്ത് ശ്രീ. കെ. യു. തോമസിന്റെ കൃഷിയിടത്തിലെ നാന്നൂറോളം കുലവാഴകൾ യാതൊരു മുന്നറിയിപ്പുമില്ലാതെ വെട്ടിനശിപ്പിച്ച കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും കർഷകന് പൂർണ്ണ നഷ്ടപരിഹാരം നൽകുകയും 220 കെ. വി. ലൈനിന്റെ ഭൂനിരപ്പിൽനിന്നുള്ള ഉയരം വർദ്ധിപ്പിക്കുകയും ചെയ്യണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ആഗസ്റ്റ് 4-ാം തീയതി ഇടുക്കി മൂലമറ്റം വൈദ്യുത നിലയത്തിൽനിന്നുള്ള 220 കെ.വി. വൈദ്യുതി ലൈൻ തകരാറിലായതിനെത്തുടർന്ന് കെ.എസ്.ഇ.ബി. ജീവനക്കാർ നടത്തിയ പരിശോധനയിൽ കാവുംപുറത്ത് ശ്രീ. കെ. യു. തോമസിന്റെ കൃഷിസ്ഥലത്തെ ചില വാഴകൾക്ക് തീ പിടിച്ചതായും സമീപവാസിയായ ശ്രീമതി അമ്മിണി രാഘവന് ഷോക്കേറ്റതായും അറിയാൻ കഴിഞ്ഞു. അപകടസാധ്യത ഒഴിവാക്കേണ്ടതിനാലും സുപ്രധാനമായ പ്രസ്തുത ലൈൻ പുനഃസ്ഥാപിക്കേണ്ടത് അത്യാവശ്യമായതിനാലും ലൈനിനു സമീപംവരെ ഉയർന്ന വാഴകൾ വെട്ടിമാറ്റാൻ കെ.എസ്.ഇ.ബി. ജീവനക്കാർ നിർബന്ധിതരായി. വാഴക്കൃഷി നശിപ്പിച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ വിഷയം പരിശോധിച്ച് അടിയന്തര റിപ്പോർട്ട് ലഭ്യമാക്കാൻ പ്രസരണ വിഭാഗം ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. കർഷകനുണ്ടായ സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി കൃഷിവകുപ്പുമായി ആലോചിച്ച് ഉചിതമായ ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(2) <u>കാസർഗോഡ് സർക്കാർ ഓഫീസുകളിലെ ഒഴിവുകൾ നികത്തൽ</u>

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: കാസർഗോഡ് ജില്ലയിലെ വിവിധ സർക്കാർ ഓഫീസുകളിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ വിവിധ വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകൾ യഥാസമയം നികത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഈ ജില്ലകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ മറ്റ് ജില്ലകളിലേയ്ക്ക് ഡെപ്യൂട്ടേഷൻ, സ്ഥലംമാറ്റം ഉൾപ്പെടെ നേടിപ്പോകുന്നതും അവധിയിൽ പ്രവേശിക്കുന്നതുംമൂലം ജീവനക്കാരുടെ അഭാവമുണ്ടാകുന്നത് വിവിധ പദ്ധതികളുടെ നടത്തിപ്പിനെ ഗുരുതരമായി ബാധിക്കുന്ന സാഹചര്യം കണക്കിലെടുത്ത് ഈ ജില്ലകളിൽ നിയമനം ലഭിക്കുന്നവർ നിശ്ചിത കാലയളവിൽ ജോലിചെയ്യുന്നുവെന്ന് ഉറപ്പാക്കാൻ എല്ലാ വകുപ്പുതലവൻമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ പദ്ധതിയുടെയും ആവശ്യകത അടിസ്ഥാനമാക്കി കാലാവധി നിർണ്ണയിച്ച് പ്രസ്തുത കാലാവധിവരെ ഉദ്യോഗസ്ഥർ ജോലിയിൽ തുടരണമെന്ന നിർദ്ദേശമടങ്ങിയ നിയമന ഉത്തരവ് പുറപ്പെടുവിക്കാനാണ്

നിർദ്ദേശിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ജില്ലാകളക്ടർമാരോടും വകുപ്പുമേധാവികളോടും ആവശ്യപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ എഞ്ചിനീയർമാർ, ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, വെൽഫെയർ വർക്കർമാർ ഉൾപ്പെടെയുള്ള വിവിധ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന വിഷയം ചീഫ് സെക്രട്ടറിതലത്തിൽ സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

(3) കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ പൂർത്തീകരണം

ശ്രീമതി കെ. കെ. രമ: കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും കാലപ്പഴക്കംചെന്ന അക്വഡക്റ്റുകൾ നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായ അഴിയൂർ ബ്രാഞ്ച് കനാലിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കായി ഏറ്റെടുത്തിട്ടുള്ള ഭൂമിയുടെ അതിരുകൾ നിർണ്ണയിച്ചുനൽകുന്നതിന് വടകര താലൂക്ക് തഹസിൽദാർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ പൂർത്തിയാക്കി താലൂക്ക് സർവ്വേയറുടെ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്കുമാത്രമേ ഇതുമായി ബന്ധപ്പെട്ട തുടർനടപടി

സ്വീകരിക്കാൻ കഴിയുകയുള്ളൂ. 'റെനവേഷൻ ഓഫ് കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിനുകീഴിൽ 150 കോടി രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് ചീഫ് എഞ്ചിനീയർ പ്രോജക്ട് - I സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(4) ജൽജീവൻ മിഷൻ പ്രവൃത്തികൾ

ശ്രീ. പി. മമ്മിക്കുട്ടി: പി.ഡബ്ല്യു.ഡി. റോഡുകളിൽ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കാനും ചെർപ്പുളശ്ശേരി സമഗ്ര കുടിവെള്ള പദ്ധതിക്കുവേണ്ടിയുള്ള തടയണ നിർമ്മാണം പൂർത്തിയാക്കാനും എൽ.എസ്.ജി.ഡി. റോഡുകൾ മുറിച്ച് പൈപ്പ് സ്ഥാപിക്കുന്ന സ്ഥലങ്ങളിൽ റെസ്റ്റൊറേഷൻ വർക്കിനാവശ്യമായ ഫണ്ട് ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ഷൊർണ്ണൂർ മണ്ഡലത്തിലെ ജൽജീവൻ മിഷന്റെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ പുരോഗമിച്ചുവരുന്നുണ്ട്. കോതക്കുറിശ്ശി-ചെറമ്പറ്റക്കാവ് റോഡിലെയും വാണിയംകുളം-വല്ലപ്പുഴ റോഡിലെയും ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡിലെയും കൃഷ്ണപടി-കയിലിയാട് റോഡിലെയും പ്രവൃത്തികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിച്ച് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

കുളപ്പുള്ളി - എലിയപ്പെറ്റ റോഡുമായി ബന്ധപ്പെട്ടുള്ള വകുപ്പുതല അന്വേഷണം എത്രയുംവേഗം പൂർത്തീകരിക്കുന്നതാണ്. 15-ാം ധനകാര്യകമ്മീഷന്റെ അൺടൈഡ് ഫണ്ട് ഒന്നുമുതൽ മൂന്നുവരെ ഫെയ്സുകളിൽ ഉൾപ്പെട്ട എൽ.എസ്.ജി.ഡി. റോഡുകളുടെ റെസ്റ്റൊറേഷനുവേണ്ടി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശം പഞ്ചായത്ത് സെക്രട്ടറിമാർക്കും ജില്ലാ കളക്ടർമാർക്കും കൈമാറിയിട്ടുണ്ട്. നാലും അഞ്ചും ഫേസിൽ ഉൾപ്പെട്ട റോഡുകൾ പൂർണ്ണമായും റെസ്റ്റോർ ചെയ്യാനുള്ള ഫണ്ട് ജൽജീവൻ മിഷന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി.യുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിഹാരം കണ്ടെത്താൻ ശ്രമം നടക്കുന്നുണ്ട്. കേന്ദ്രഗവൺമെന്റിന്റെ കണക്കുകൾ പ്രകാരം കേരളത്തിൽ ജൽജീവൻ മിഷന്റെ കണക്ഷൻ നൽകുന്നത് 50 ശതമാനം പൂർത്തിയായിട്ടുണ്ട്. കേരളത്തിലെ മുഴുവൻ കുടുംബങ്ങളിലേയ്ക്കുമാവശ്യമായ കണക്ഷൻ നൽകുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(5) തിരൂർ ജില്ലാ ആശുപത്രി കെട്ടിട നിർമ്മാണം

ശ്രീ. കുറുക്കോളി മൊയ്തീൻ: തിരൂർ ജില്ലാ ആശുപത്രിയിൽ ഓങ്കോളജി ബ്ലോക്ക് ആരംഭിക്കുന്നതിന് കിഫ്ബിയിൽനിന്ന് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സംസ്ഥാനത്തിന് അത്യന്തം പ്രാധാന്യമുള്ള പദ്ധതികൾ മാത്രം കിഫ്ബിയിലേയ്ക്ക് നിർദ്ദേശിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ആയതിനാൽ ഇപ്പോൾ പുതിയ പദ്ധതികൾ പരിഗണിക്കാൻ നിർവ്വാഹമില്ല. കൂടുതൽ പദ്ധതികൾ കിഫ്ബി ധനസഹായത്തോടെ അനുവദിക്കുന്ന സാഹചര്യമുണ്ടാകുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

(6) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം അപകടവിമുക്തമാക്കൽ

ശ്രീ. വി. ശശി: മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം അപകടവിമുക്തമാക്കുന്നതിനായി പുലിമുട്ടിന്റെ തെക്കുഭാഗത്ത് അടിയുന്ന മണൽ തീരശോഷണം സംഭവിക്കുന്ന വടക്കുഭാഗത്തേയ്ക്ക് പമ്പ് ചെയ്ത് മാറ്റാനുള്ള സംവിധാനം (സാൻഡ് ബൈപാസിംഗ് സിസ്റ്റം) സി.ഡബ്ല്യൂ.പി.ആർ.എസ്. (Central Water and Power Research Station) വഴി പഠനവിധേയമാക്കി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ച് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തുണ്ടാകുന്ന അപകടങ്ങൾക്ക് പരിഹാരം കാണുന്നതിന് ഉന്നതതല യോഗ തീരുമാനപ്രകാരം യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രതികൂല കാലാവസ്ഥയിലും രക്ഷാപ്രവർത്തനം സാധ്യമാക്കുന്നതിന് റിമോട്ട് കൺട്രോളിംഗ് ബോയ് വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. അപ്രോച്ച് റോഡ് നവീകരിക്കുന്നതിന് 57.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥിരമായ സാൻഡ് ബൈപാസിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് 11 കോടി രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഹാർബറിൽ ആറ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കേരള ഇലക്ട്രിക്കൽസ് ലിമിറ്റഡിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. രക്ഷാപ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മൂന്ന് യാനങ്ങളും പരിശീലനം നേടിയ മുപ്പത് ലൈഫ് ഗാർഡുകളെയും നിയോഗിക്കുകയും മത്സ്യബന്ധനതുറമുഖം അടച്ചിടേണ്ടെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(7) വൈപ്പിൻകരയിലെ കടലാക്രമണവും വേലിയേറ്റവും

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: വൈപ്പിൻകരയിൽ കടലാക്രമണവും വേലിയേറ്റവും രൂക്ഷമാകുന്ന സാഹചര്യം കണക്കിലെടുത്ത് ഐ.ഐ.റ്റി. പഠനറിപ്പോർട്ട് പ്രകാരമുള്ള പദ്ധതി നടപ്പാക്കുന്നതിന് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): രൂക്ഷമായ കടലാക്രമണം നേരിടുന്ന വൈപ്പിൻ അഴിമുഖംമുതൽ മുനമ്പംവരെയുള്ള പ്രദേശത്തെ തീരം സംരക്ഷിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച നിവേദനം സർക്കാരിന്റെ പരിഗണനയിലാണ്. ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റിയുടെ ആവശ്യപ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനും ചെന്നൈ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും സംയുക്തമായി തയ്യാറാക്കിയ മാതൃകാ പഠന റിപ്പോർട്ട് പരിഷ്കരിച്ച് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ തുക കണ്ടെത്തുന്നതിന് ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി, കേരള സംസ്ഥാന തീരവികസന കോർപ്പറേഷൻ, ജലസേചനം/ തദ്ദേശസ്വയംഭരണം/വിനോദസഞ്ചാരം എന്നീ വകുപ്പുകളുമായി ചർച്ച നടത്തി

തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

(8) മമ്പാട് പൂവത്തിങ്കലട്ടി റോഡ് BM&BC നിലവാരത്തിലേയ്ക്ക് ഉയർത്തൽ

ശ്രീ. കെ. ഡി. പ്രസേനൻ: ആലത്തൂർ നിയോജകമണ്ഡലത്തിലെ മമ്പാട് പൂവത്തിങ്കലട്ടി റോഡ് BM&BC നിലവാരത്തിൽ നവീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ആലത്തൂർ നിയോജകമണ്ഡലത്തിലെ മമ്പാട്-പൂവത്തിങ്കലട്ടി റോഡ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ ഫ്ലഡ് ഡാമേജ് റോഡുകളുടെ പട്ടികയിലുൾപ്പെടുത്തുകയും ആദ്യത്തെ 5 1/2 കിലോമീറ്റർ റോഡ് പുതുക്കി പണിയുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പിന്റെ തീരുമാനം വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതും ബാക്കി ഭാഗം മറ്റേതെങ്കിലും പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതുമാണ്.

(9) തോലന്നൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് കെട്ടിടം

ശ്രീ. പി. പി. സുമോദ്: തോലന്നൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടി

സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): തരൂർ നിയോജകമണ്ഡലത്തിലെ തോലന്നൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ നിർമ്മാണത്തിന് 2019-20-ലെ ബഡ്ജറ്റിൽ തുക അനുവദിക്കുകയും റവന്യൂ വകുപ്പ് കൈമാറിയ ഭൂമിയിൽ ടോട്ടൽ സ്റ്റേഷൻ സർവ്വേയും സോയിൽ ഇൻവെസ്റ്റിഗേഷനും നടത്താനുള്ള ഭരണാനുമതി ലഭിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് ചീഫ് ആർക്കിടെക്ട് വിഭാഗം കെട്ടിട നിർമ്മാണത്തിനുള്ള ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

(10) റേഷൻ കടകളിലെ ഇ-പോസ് മെഷീനുകളുടെ തകരാർ

ശ്രീ. എ. പി. അനിൽ കുമാർ: റേഷൻ കടകളിലെ ഇ-പോസ് മെഷീനുകളുടെ തകരാർ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): ഓതന്റിക്കേഷൻ യൂസർ ഏജൻസിയുടെ സെർവ്വറിൽ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ കാരണം റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി

എൻ.ഐ.സി.-യുടെ സെർവ്വറുകൾക്കൂടി വിതരണത്തിൽ ഉൾപ്പെടുത്തുന്നതിനും പ്രസ്തുത സെർവ്വറുകളിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുകയാണെങ്കിൽ അനുബന്ധ ഏജൻസികളുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. സെർവ്വർ അപ്ഗ്രഡേഷൻ ചെയ്യുന്നതിനായി സിസ്റ്റം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിന് കെൽട്രോണിന് നിർദ്ദേശം നൽകുകയും ഏപ്രിൽ 1 മുതൽ 30 വരെയുള്ള കാലയളവിൽ എല്ലാ ഇ-പോസ് മെഷീനുകളുടെയും സർവ്വീസ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. റേഷൻ വിതരണത്തിലുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കപ്പെടുമെന്ന് NIC അധികാരികൾ ഉറപ്പുനൽകിയിട്ടുണ്ട്. ബയോമെട്രിക് ആധാർ ഓതന്റിക്കേഷൻ പരാജയപ്പെടുന്നപക്ഷം ഒ.ടി.പി. നൽകി റേഷൻ വിതരണം ചെയ്യുകയും ആയതും നടപ്പാകാത്ത സാഹചര്യത്തിൽ മാന്വലായി വിതരണം നടത്തുകയും ചെയ്തുവരുന്നുണ്ട്.

## VII അറിയിപ്പ്

തമിഴ്നാട് ഐ.ടി. മിനിസ്റ്ററുടെ സന്ദർശനം

മി. സ്പീക്കർ: ഡി. വി. ഗ്യാലറിയിലിരുന്ന് സഭാനടപടികൾ വീക്ഷിക്കുന്ന തമിഴ്നാട് ഐ. ടി. മിനിസ്റ്റർ ശ്രീ. പളനിവേൽ

ത്യാഗരാജനെയും സംഘത്തെയും നിയമസഭയുടെ പേരിൽ സ്വാഗതം ചെയ്യുന്നു.

## VIII മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന് അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## IX സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2023 ആഗസ്റ്റ് 8-ാം തീയതി വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## X റിപ്പോർട്ടുകളുടെ സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) 2022-ലെ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്

(2) സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും.

## XI ഗവൺമെന്റ് പ്രമേയം (ചട്ടം 118)

### ഏക സിവിൽകോഡ്

ഏക സിവിൽകോഡ് നടപ്പിലാക്കാനുള്ള നീക്കത്തിൽനിന്നും കേന്ദ്ര സർക്കാർ പിന്മാറണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ചട്ടം 118 പ്രകാരമുള്ള പ്രമേയം അവതരിപ്പിക്കുകയും പിന്താങ്ങപ്പെടുകയും ചെയ്തു.

സർവ്വശ്രീ. എൻ. ഷംസുദ്ദീൻ, മഞ്ഞളാംകുഴി അലി, ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, ടി. സിദ്ദിഖ് എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പൊതു സിവിൽ നിയമത്തിലൂടെ മനുസ്മൃതിയിലെ വ്യവസ്ഥകൾ അടിച്ചേൽപ്പിച്ച് ഹിന്ദു വർഗ്ഗീയ ചാതുർവർണ്ണ്യ നിയമത്തിൽ എല്ലാ ഇതര മതക്കാരെയും ഞെരിച്ചമർത്തി ഇന്ത്യൻ സാമൂഹ്യ ഘടനയെ പുനഃക്രമികരിക്കാനാണ്

സംഘപരിവാർ ശ്രമിക്കുന്നത്. സംഘപരിവാറിന്റെ നീക്കത്തെ ഭരണഘടനയ്ക്കെതിരായ കടന്നാക്രമണമായാണ് കാണേണ്ടത്. വിവിധ വിഭാഗങ്ങൾക്ക് തുല്യത ഉറപ്പുവരുത്താൻ ഉപകരിക്കുന്ന നിർദ്ദേശങ്ങളും ശിപാർശകളും നടപ്പാക്കാതെ ഏക സിവിൽ കോഡ് നടപ്പാക്കാൻ ശ്രമിക്കുന്നത് ആശങ്കാജനകമാണ്. ഇന്ത്യൻ സമൂഹത്തെ ബാധിക്കുന്ന കാതലായ വിഷയങ്ങൾ പരിഹരിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കാതെ വർഗ്ഗീയ ചേരിതിരിവ് സൃഷ്ടിക്കാനും രാഷ്ട്രീയ ലാഭം നേടുന്നതിനുമാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. ഇവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾകൂടി ഉൾക്കൊണ്ടുകൊണ്ട് പ്രമേയം മാറ്റത്തോടെ അവതരിപ്പിക്കുന്നു.

" ഏക സിവിൽകോഡ് അടിച്ചേൽപ്പിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിൽ കേരള നിയമസഭ ആശങ്കയും ഉൽക്കണ്ഠയും രേഖപ്പെടുത്തുന്നു. ഏകപക്ഷീയവും ധൃതിപിടിച്ചുള്ളതുമായ കേന്ദ്ര നീക്കം ഭരണഘടനയുടെ മത നിരപേക്ഷ സ്വഭാവത്തെ ഇല്ലായ്മ ചെയ്യുന്നതാണെന്ന് ഈ സഭ വിലയിരുത്തുന്നു.

ഭരണഘടന അതിന്റെ നിർദ്ദേശക തത്വങ്ങളിൽ മാത്രമാണ് പൊതു

സിവിൽ നിയമത്തെക്കുറിച്ച് പരാമർശിക്കുന്നത്. നിർദ്ദേശക തത്വങ്ങളിൽ മാത്രമായി ഇതു പരിമിതപ്പെടുത്തി എന്നത് ശ്രദ്ധേയമാണ്. നടപ്പാക്കണമെന്ന നിർബന്ധ സ്വഭാവമുള്ളവയല്ല നിർദ്ദേശകതത്വങ്ങൾ. മൗലികാവകാശങ്ങൾ നിർബന്ധിതമായി നടപ്പാക്കാൻ കോടതിക്ക് കൽപ്പിക്കാം. എന്നാൽ കോടതിക്കുപോലും നിർബന്ധിതമായി നടപ്പാക്കണമെന്ന് കൽപ്പിക്കാനാവാത്തതാണ് ഭരണഘടനയുടെ 44-ാം അനുച്ഛേദത്തിലെ നിർദ്ദേശകതത്വങ്ങൾ. ഭരണഘടനാ ശിൽപ്പികൾ എത്രമേൽ ആലോചിച്ചാണിങ്ങനെ ചെയ്തതെന്നും എന്തുകൊണ്ടാണിങ്ങനെ ചെയ്തതെന്നും മനസ്സിലാക്കണം. ഭരണഘടനയുടെ ആമുഖത്തിലൂടെ തന്നെ മതനിരപേക്ഷത ഉറപ്പുനൽകുന്ന രാജ്യമാണ് ഇന്ത്യ. ഏത് മതത്തിൽ വിശ്വസിക്കാനും അതിൻപ്രകാരം ജീവിക്കാനുമുള്ള പൗരന്റെ സ്വാതന്ത്ര്യം മൗലികാവകാശങ്ങളുടെ ഭാഗമാക്കിത്തന്നെ ഭരണഘടന ഉറപ്പുനൽകുന്നു. ഭരണഘടനയുടെ 25-ാം അനുച്ഛേദം ഉറപ്പുനൽകുന്ന ആ മതസ്വാതന്ത്ര്യം മതപരമായ വ്യക്തിനിയമങ്ങൾ അനുസരിക്കാനും ജീവിതത്തിൽ ആചരിക്കാനുമുള്ള അവകാശത്തെക്കൂടി ഉൾക്കൊള്ളുന്നതാണെന്നിരിക്കെ, ആ

ആചരിക്കലിനെ വിലക്കുന്ന നിയമനിർമ്മാണം, ഭരണഘടനാപരമായ മത സ്വാതന്ത്ര്യമെന്ന മൗലികാവകാശത്തിന്റെ നിഷേധവും ലംഘനവുമാകും. സ്വന്തം മതവിശ്വാസങ്ങൾക്കനുസരിച്ച് ജീവിക്കുകയെന്നത് മൗലികമായ വ്യക്തി സ്വാതന്ത്ര്യമായിരിക്കെ അത് നിഷേധിക്കലാകും.

ഭരണഘടനയുടെ 44-ാം അനുച്ഛേദത്തിൽ പറയുന്നത് ഒരു പൊതു സിവിൽ നിയമസംഹിത സംപ്രാപ്തമാക്കുവാൻ രാഷ്ട്രം യത്നിക്കേണ്ടതാണെന്ന് മാത്രമാണ്. അഭിപ്രായ സമന്വയത്തിലൂടെയും വ്യത്യസ്ത മത വിഭാഗങ്ങളുമായുള്ള ആശയ സംവാദത്തിലൂടെയും കാലക്രമത്തിൽ മാത്രം സാധിക്കേണ്ടതാണത് എന്നതാണ് അതിന്റെ സൂചന. അത്തരത്തിലുള്ള ഒരു ആശയ സംവാദം നടത്തുകയോ അഭിപ്രായ സമന്വയം സൃഷ്ടിക്കുകയോ ചെയ്യാതെയാണ് കേന്ദ്ര സർക്കാർ ഇത്തരത്തിലുള്ള ഏകപക്ഷീയ നീക്കവുമായി മുന്നോട്ടുവന്നിട്ടുള്ളത് എന്നത് വിവിധ ജനവിഭാഗങ്ങളിൽ ആശങ്കയുളവാക്കുന്നു. കേരള നിയമസഭയും ആ ആശങ്ക പങ്കുവയ്ക്കുന്നു. ജനങ്ങളുടെ ഒരുമയെ ഛിദ്രീകരിക്കുന്നതിനുള്ള വർഗ്ഗീയ നീക്കമാണ് ഇതെന്നും രാഷ്ട്രത്തിന്റെ ഐക്യത്തിന് ഹാനികരമാണ് ഇത്തരം

അടിച്ചേൽപ്പിക്കലുകളെന്നും വിലയിരുത്തുന്നു.

കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലിയിൽ തന്നെ ഏക സിവിൽ നിയമത്തെ സംബന്ധിച്ച വ്യത്യസ്ത അഭിപ്രായങ്ങൾ ഉയർന്നിരുന്നു. ആ അവസരത്തിൽ ഡോ. ബി. ആർ. അംബേദ്കർ ഇക്കാര്യത്തിലെടുത്ത നിലപാട് ശ്രദ്ധേയമാണ്. ഇന്ത്യയുടെ സങ്കീർണ്ണമായ സാമൂഹിക യാഥാർത്ഥ്യങ്ങളെ പരിഗണിക്കുന്നതും വ്യത്യസ്ത മതവിഭാഗങ്ങളുടെ സമന്വയത്തെ ശക്തമാക്കുന്നതുമായിരുന്നു അംബേദ്കറുടെ നിലപാട്. വൈവിധ്യത്തിലെ ഏകത്വത്തെ അംഗീകരിക്കുന്നതായിരുന്നു അത്.

വ്യക്തി നിയമങ്ങൾ തെരഞ്ഞെടുക്കാനുള്ള അവകാശം പൗരജനങ്ങളിൽ നിലനിർത്തിക്കൊണ്ടുള്ള പൊതു സിവിൽ നിയമത്തിനായി വേണമെങ്കിൽ പാർലമെന്റിന് ശ്രമിക്കാമെന്ന് പറഞ്ഞ അംബേദ്കർ അതുപോലും നിർബന്ധമായി വേണമെന്ന് ശഠിച്ചില്ല. കേവലം ഒരു സാധ്യത സൂചിപ്പിക്കുക മാത്രമാണ് അദ്ദേഹം ചെയ്തത്. അതിന്റെ പ്രതിഫലനമാണ് പൊതു സിവിൽ നിയമ പരാമർശം നിർദ്ദേശകതത്വങ്ങളിൽ മാത്രമായി പരിമിതപ്പെട്ടത്.

രാജ്യത്തെ ജനങ്ങളെയാകെ ബാധിക്കുന്ന ഈ വിഷയത്തിൽ ഏത്

നീക്കം നടത്തുന്നതിൽനിന്നും കേന്ദ്ര സർക്കാർ പിന്തിരിയണമെന്ന് ഈ നിയമസഭ ഏകകണ്ഠേന ആവശ്യപ്പെടുന്നു." എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പ്രമേയത്തെ പിന്താങ്ങുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## XII. നിയമനിർമ്മാണകാര്യം

### താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### (i) 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസുകൾ പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

## XIII ക്രമപ്രശ്നം

### ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

ശ്രീ. രമേശ് ചെന്നിത്തല: 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബില്ലിലെ സെക്ഷൻ 7-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് മതിപ്പു ചെലവ് കണക്കാക്കി പുതിയ ധനകാര്യ മെമ്മോറാണ്ടം ബിൽ പരിഗണിക്കുന്നതിനു മുമ്പായി അംഗങ്ങളുടെ അറിവിലേയ്ക്ക് സർക്കുലേറ്റ് ചെയ്യണം.

### ബില്ലിലെ വ്യവസ്ഥകളിലെ അവ്യക്തത

ശ്രീ. മാത്യു ടി. തോമസ്: 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബില്ലിലെ മൂന്നാം ഉപഖണ്ഡത്തിൽ ഒരു കുറ്റത്തിന് ഏർപ്പെടുത്തിയിട്ടുള്ള ശിക്ഷ അതേ കുറ്റത്തിന് ഇന്ത്യൻ പീനൽ കോഡിൽ പറഞ്ഞിട്ടുള്ള ശിക്ഷയ്ക്ക് വിരുദ്ധമാണെന്ന അപാകതയാണ് ക്രമപ്രശ്നമായി ഉന്നയിക്കുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ

സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബില്ലിൻകീഴിൽ ചട്ടങ്ങളുണ്ടാക്കി നടപ്പിൽ വരുത്തുമ്പോൾ അധികച്ചെലവുണ്ടാകുമെന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചിത നിധിയിൽനിന്നുമുണ്ടാകുന്ന ചെലവെത്രയെന്ന് ഈ ഘട്ടത്തിൽ കണക്കാക്കാൻ കഴിയില്ല. ഇത്തരമൊരു കീഴ്വഴക്കം നിയമസഭയിൽ മുമ്പുണ്ടായിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും ഗവർണ്ണറുടെ അനുമതി ലഭ്യമായ സാഹചര്യത്തിലും ബില്ലിന് അവതരണാനുമതി നൽകണം. ഈ ഭേദഗതി ഇന്ത്യൻ പീനൽ കോഡിലെ ശിക്ഷാവ്യവസ്ഥകൾക്ക് വിരുദ്ധമല്ലെന്നും മിനിമം പണിഷ്മെന്റ് ഏർപ്പെടുത്തുന്നതിന് സംസ്ഥാനത്തിന് അധികാരമുണ്ടെന്നുമാണ് ശ്രീ. മാത്യു ടി. തോമസ് ഉന്നയിച്ച വിഷയത്തിൽ സൂചിപ്പിക്കാനുള്ളത്. ഈ ബില്ലിന് അവതരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബില്ലിൽ ചേർത്തിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടം സമ്പൂർണ്ണമല്ലെന്ന ശ്രീ. രമേശ് ചെന്നിത്തലയുടെ ക്രമപ്രശ്നം ചെയർ പരിശോധിച്ചു. ആധുനിക കാലത്തിൽ പുതിയ

സംവിധാനങ്ങളും ധനകാര്യ മാനേജ്മെന്റും നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ വരാവുന്ന ചെലവുകൾ മുൻകൂട്ടി കണക്കാക്കുന്നത് ബുദ്ധിമുട്ടുള്ള കാര്യമല്ലാത്തതിനാൽ ധനകാര്യ മെമ്മോറാണ്ടങ്ങൾ പരമാവധി യാഥാർത്ഥ്യബോധത്തോടുകൂടിത്തന്നെ തയ്യാറാക്കി ബില്ലുകളോടൊപ്പം സമർപ്പിക്കണം. ശ്രീ. മാത്യു ടി. തോമസ് ഉന്നയിച്ച ബില്ലിലെ ശിക്ഷാവിധികൾ സംബന്ധിച്ച വ്യവസ്ഥകളിലെ അവ്യക്തതകൾ സബ്ജക്ട് കമ്മിറ്റി തലത്തിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കണം.

ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി വീണാ ജോർജ്: കേരള പ്രൈവറ്റ് ഹോസ്പിറ്റൽ

അസോസിയേഷൻ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ പ്രകാരം ഡോക്ടർമാർക്കും ഇതര ആരോഗ്യപ്രവർത്തകർക്കുമെതിരെ നടന്ന അക്രമസംഭവങ്ങളെ സംബന്ധിച്ച് സർക്കാർ നിലപാട് ബഹു. ഹൈക്കോടതി മുമ്പാകെ അറിയിക്കുകയും കോടതി അതിൽ തൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. ഈ നിയമത്തിന്റെ മദർ ആക്ടിൽ ഭേദഗതി വരുത്താൻ സർക്കാർ തീരുമാനിക്കുകയും അതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ 2023 ഏപ്രിലിൽ ആരംഭിക്കുകയും ചെയ്തു. ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഓഫീസർ അന്വേഷിച്ച് അറുപതുദിവസത്തിനുള്ളിൽ അന്വേഷണം പൂർത്തീകരിക്കണമെന്നും വിചാരണ വേഗത്തിലാക്കുന്നതിനായി ഓരോ ജില്ലയിലെയും സ്പെഷ്യൽ കോർട്ടിൽ സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയോഗിക്കണമെന്നുമുള്ള ഭേദഗതി ഇതിലൂടെ കൊണ്ടുവന്നിട്ടുണ്ട്. അതത് ഘട്ടങ്ങളിൽ ചില ചട്ടങ്ങൾ രൂപീകരിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചുമതലപ്പെടുത്തിയപ്രകാരം

ശ്രീ. രമേശ് ചെന്നിത്തല: I move that -

“ This House resolves to disapprove The Kerala Health Care Service Persons And Health Care Service Institutions (Prevention of

Violence And Damage To Property) Amendment Ordinance, 2023 (Ordinance No.1 of 2023)" . ആരോഗ്യ മേഖലയിൽ സ്തുത്യർഹമായ സേവനം നടത്തിവരുന്ന ഡോക്ടർമാരുൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകരെ സംരക്ഷിക്കാനായി 2012-ൽ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന നിയമം ഫലപ്രദമായിരുന്നെങ്കിലും ചില ന്യൂനതകൾ പരിഹരിക്കുന്നതിനാണ് നിലവിൽ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. സർക്കാർ ആശുപത്രികളിൽ അവശ്യമരുന്നുകൾ ലഭ്യമല്ലാത്ത അവസ്ഥ പരിഹരിക്കാനാവശ്യമായ സാമ്പത്തിക സഹായം ധനകാര്യ വകുപ്പിൽനിന്ന് ലഭ്യമാക്കണം. ദേശീയ മെഡിക്കൽ കമ്മീഷൻ കേരളത്തിലെ മെഡിക്കൽ കോളേജുകളിലെ MBBS, പി.ജി. സീറ്റുകളുടെ അംഗീകാരം റദ്ദാക്കിയതുസംബന്ധിച്ച് ഗവൺമെന്റ് വിശദമായി പരിശോധിക്കണം. കാരുണ്യ സുരക്ഷാ പദ്ധതിക്ക് തുക അനുവദിക്കാത്തതിനാൽ ആശുപത്രികളിൽ സൗജന്യ ചികിത്സ നാമമാത്രമാക്കിയതായി പരാതികളുണ്ട്. കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി, ഹീമോഫീലിയ രോഗികൾക്കുള്ള മരുന്ന്, എയ്ഡ്സ് രോഗികൾക്കുള്ള മരുന്ന് തുടങ്ങിയവയ്ക്കായി ധനകാര്യ വകുപ്പിൽനിന്ന് യഥാസമയം ധനസഹായം ലഭ്യമാക്കണം. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ നാല് വാർഡുകൾ ഒരേ സമയം അടച്ചിട്ട് പുനരുദ്ധാരണ പ്രവൃത്തികൾ

നടത്തുന്നതുമൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതു സംബന്ധിച്ച് പരിശോധിക്കണം. ആരോഗ്യപ്രവർത്തകർക്ക് നേരെയുള്ള അതിക്രമങ്ങളിന്മേൽ 60 ദിവസത്തിനകം അന്വേഷണവും ഒരു വർഷത്തിനുള്ളിൽ വിചാരണ നടപടികളും പൂർത്തിയാക്കണമെന്ന നിയമ ഭേദഗതി സ്വാഗതാർഹമാണ്. ആശുപത്രികളിൽ ശാന്തവും സമാധാനപരവുമായ അന്തരീക്ഷം സൃഷ്ടിക്കുകയും നിയമങ്ങൾ കർശനമായി നടപ്പിലാക്കുകയും വേണം. ആരോഗ്യപ്രവർത്തകർക്ക് ഭീതിയോടെ പ്രവർത്തിക്കേണ്ടിവരുന്ന സാഹചര്യമില്ലാതാക്കണം. രോഗികളെ പരിശോധിക്കുന്നതിനിടെ വനിത ആരോഗ്യ പ്രവർത്തകർക്കുനേരെ ലൈംഗികാതിക്രമങ്ങളുണ്ടാകാൻ പാടില്ല. ആശുപത്രികളെ സുരക്ഷിത മേഖലകളായി പ്രവർത്തിപ്പിക്കണമെന്ന ആരോഗ്യപ്രവർത്തകരുടെ ദീർഘകാലത്തെ ആവശ്യം നടപ്പാക്കണം. താലൂക്ക്/ജില്ല/ജനറൽ ആശുപത്രികൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ കാഷ്വാലിറ്റി വിഭാഗങ്ങളെ സി.സി.ടി.വി.-യുടെ പരിധിയിൽ കൊണ്ടുവരികയും ദൃശ്യങ്ങൾ തൊട്ടടുത്ത പോലീസ് സ്റ്റേഷനിൽ ലഭ്യമാക്കുകയും ചെയ്യണമെന്ന ഹൈക്കോടതി നിർദ്ദേശം പാലിക്കണം. ആശുപത്രികളിൽ പ്രത്യേക പോലീസ് ഔട്ട്പോസ്റ്റുകൾ

സ്ഥാപിക്കണം. മദ്യപിച്ച് വരുന്നവരും ലഹരി ഉപയോഗിക്കുന്നവരും സാമൂഹ്യവിരുദ്ധരും കടന്നുവന്നാൽ അവരെ അപ്പോൾത്തന്നെ പോലീസിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള നടപടിയുണ്ടാകണം. സർക്കാർ ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിൽ കൂടുതൽ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കണം. കേരളത്തിലെ പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു സുരക്ഷാ ഓഡിറ്റ് നടപ്പിലാക്കണം. ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ സെക്യൂരിറ്റി ജീവനക്കാരുടെ സ്ഥിരം തസ്തികകൾ സൃഷ്ടിക്കണം. ഡോക്ടർമാർ, രോഗികൾ, പാരാ മെഡിക്കൽ സ്റ്റാഫുകൾ, ആരോഗ്യപ്രവർത്തകർ, കൂട്ടിരിപ്പുകാർ എന്നിവർ തമ്മിലുള്ള സംഘർഷങ്ങളും പരാതികളും പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര സംവിധാനമുണ്ടാകണം. നിയമവ്യവസ്ഥകൾ ദുരുപയോഗപ്പെടുത്താനോ രോഗികളുടെ അവകാശങ്ങൾ ഹനിക്കപ്പെടാനോ പാടില്ല. ആരോഗ്യപ്രവർത്തകർക്ക് പൂർണ്ണ സുരക്ഷ ഉറപ്പാക്കാനും ആരോഗ്യരംഗത്തെ കൂടുതൽ കരുത്തുള്ളതാക്കിമാറ്റാനും ഈ നിയമഭേദഗതി സഹായകമാകും.

ശ്രീ. അനൂപ് ജേക്കബ്: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. ആരോഗ്യ മേഖലയിലുണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം

കാണാൻ ശ്രമിക്കണം. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഗോഡൗണുകളിലെ തീപിടിത്തത്തിന്റെ അന്വേഷണങ്ങളിൽ സുതാര്യമായ സമീപനമുണ്ടാകണം. ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും ആക്രമിക്കപ്പെടുന്നത് ഗൗരവമായി കാണുകയും അവരെ സംരക്ഷിക്കാനുള്ള സാഹചര്യമുണ്ടാക്കുകയും വേണം. ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കണം. ആവശ്യമായ ഡോക്ടർമാരുടെയും സപ്പോർട്ടിംഗ് സ്റ്റാഫുകളുടെയും സേവനം ഉറപ്പാക്കണം. മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തണം. ആശുപത്രികളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. ഗവൺമെന്റ് ഒരു നിയമനിർമ്മാണം കൊണ്ടുവരുമ്പോൾ അത് എല്ലാ തലങ്ങളിലും ഉപയോഗപ്രദവും എല്ലാ വിഭാഗങ്ങൾക്കും സുരക്ഷിതത്വവും നീതിയും ഉറപ്പുവരുത്തുന്നതുമായിരിക്കണം. ആരോഗ്യപ്രവർത്തകർ പൂർണ്ണമായും സംരക്ഷിക്കപ്പെടാനുള്ള സാഹചര്യം ഒരുക്കുന്നതിനുവേണ്ടി ഗവൺമെന്റ് എടുക്കുന്ന ഗുണപരമായ നിലപാടുകൾക്ക് എല്ലാ പിന്തുണയും ഞങ്ങളുടെ ഭാഗത്തുനിന്നുണ്ടാകും.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും

സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-09-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വന്ദനാദാസിന്റെ ദാരുണമായ മരണമാണ് ഇത്തരത്തിൽ ഒരു നിയമം കൊണ്ടുവരാനിടയാക്കിയത്. ഒരു ഡോക്ടറോ ആശുപത്രി ജീവനക്കാരനോ ആക്രമിക്കപ്പെട്ടാൽ ഒരുമണിക്കൂറിനകം FIR ഇടണം. വന്ദനാദാസിന്റെ മരണത്തിനുശേഷമുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനെക്കാൾ ആ സാഹചര്യത്തിൽ നമുക്ക് എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോയെന്നുള്ളത് ഗവൺമെന്റ് പരിശോധിക്കണം. സദുദ്ദേശപരമായ നിയമനിർമ്മാണമാണ് ഉദ്ദേശിക്കുന്നതെങ്കിൽ പ്രതിപക്ഷത്തിന്റെ സഹകരണം ഉണ്ടാകുന്നതാണ്.

<u>ശ്രീ. വി. കെ. പ്രശാന്ത്</u> :2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ആരോഗ്യ പ്രവർത്തകർക്കെതിരെ അക്രമ സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് ഇത്തരമൊരു ഭേദഗതി ബിൽ കൊണ്ടുവരാൻ സർക്കാർ നിർബന്ധിതമായത്. അവധി ദിവസങ്ങളിലും വിശേഷ ദിവസങ്ങളിലും

സ്വകാര്യ/സർക്കാർ ആശുപത്രികളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കണം. ബില്ലിന്റെ 2(ബി) വകുപ്പുപ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സെക്യൂരിറ്റി ഗാർഡുകൾ, മാനേജീരിയൽ സ്റ്റാഫ്, ആംബുലൻസ് ഡ്രൈവർമാർ, ഹെൽപ്പർമാർ എന്നിവരെ ബില്ലിന്റെ പരിധിയിൽ കൊണ്ടുവന്നതുസംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ആശുപത്രികളിലെ പോലീസ് എയ്ഡ് പോസ്റ്റ് സംവിധാനം വിപുലപ്പെടുത്തുകയും ആശുപത്രികളിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ചും മറ്റും പൊതുജനങ്ങൾക്കിടയിൽ പ്രത്യേക ക്യാമ്പയിൻ നടത്തുകയും നിയമം ദുരുപയോഗം ചെയ്യുന്നതിനെതിരെ ജാഗ്രത പുലർത്തുകയും വേണം. താലൂക്ക്/ജില്ലാ ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും രാത്രികാലങ്ങളിൽ സീനിയർ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കണം. രോഗി-ഡോക്ടർ-നഴ്സ് അനുപാതം കാലോചിതമായി പരിഷ്കരിക്കുന്നതിനും റഫറൽ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നതിനും കാഷ്വാലിറ്റി സംവിധാനം മെച്ചപ്പെടുത്തുന്നതിനും സുരക്ഷാ ഓഡിറ്റ് നടത്തുന്നതിനും നടപടി സ്വീകരിക്കണം. ആരോഗ്യപ്രവർത്തകർക്കും ആരോഗ്യരക്ഷാ സേവന

സ്ഥാപനങ്ങൾക്കും നേരെയുണ്ടാകുന്ന അക്രമങ്ങൾക്കെതിരെയുള്ള അന്വേഷണങ്ങൾക്ക് കാലാവധി നിശ്ചയിച്ചത് സ്വാഗതാർഹമാണ്. ലഹരി-ക്രിമിനൽ കേസ്സുകളിൽ അറസ്റ്റിലാകുന്നവരുടെ വൈദ്യപരിശോധനയ്ക്ക് പൊതുമാനദണ്ഡം നിശ്ചയിക്കണം. പബ്ലിക് അഫയേഴ്സ് ഇൻഡെക്സിലും നീതി ആയോഗിന്റെ സൂചികയിലും തുടർച്ചയായി ഒന്നാംസ്ഥാനം കരസ്ഥമാക്കാനായതും മാതൃ-ശിശു മരണനിരക്കുകൾ കുറയ്ക്കാനായതും ആരോഗ്യ മേഖലയിൽ നിരവധി ദേശീയ-അന്തർദ്ദേശീയ പുരസ്കാരങ്ങൾ നേടാനായതും ആരോഗ്യ വകുപ്പിന്റെ പ്രവർത്തനമികവ് വ്യക്തമാക്കുന്നതാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ആരോഗ്യപ്രവർത്തകർക്ക് മനോവീര്യത്തോടെയും നിർഭയമായും സേവനമനുഷ്ഠിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് ഇത്തരമൊരു ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിരവധി യോഗങ്ങൾ വിളിച്ചുചേർത്തതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജുകൾ, ജില്ല/താലൂക്ക് ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിൽ 'സുരക്ഷാ ഓഡിറ്റ്' നടത്തിയിട്ടുണ്ട്. ഡി.എച്ച്.എസ്.-ന് കീഴിലുള്ള 96- ഓളം

ആശുപത്രികളിൽ സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രധാന ആശുപത്രികളിൽ പോലീസ് ഔട്ട്പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തൊട്ടാകെയുള്ള സർക്കാർ/ സ്വകാര്യ ആശുപത്രികളിൽ 'കോഡ് ഗ്രേ പ്രോട്ടോക്കോൾ' നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ആശുപത്രികളിൽ രോഗികളും കൂട്ടിരിപ്പുകാരും നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ജില്ലാ-സംസ്ഥാന തലങ്ങളിൽ ഗ്രീവൻസ് റിഡ്രസൽ ഫോറം രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജ് നാഷണൽ അലോട്ട്മെന്റ് ലിസ്റ്റിൽ ഉൾപ്പെടുകയും വിദ്യാർത്ഥികൾ പ്രവേശനം നേടുകയും ചെയ്തിട്ടുണ്ട്. 100 സീറ്റുകൾ വീതമുള്ള രണ്ട് മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കോന്നിയിലും ഇടുക്കിയിലും ആരംഭിച്ചിട്ടുണ്ട്. നഴ്സിംഗ് വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ വർഷം 1300 പുതിയ സീറ്റുകൾക്ക് എൻ.ഒ.സി. നൽകിയിട്ടുണ്ട്. ശ്രവണവൈകല്യമുള്ള 5 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി തുടർന്നും നടത്തുന്നതാണ്. കെ.എം.എസ്.സി.എൽ-ന്റെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഗോഡൗണുകളിലുണ്ടായ തീപിടിത്തവുമായി ബന്ധപ്പെട്ട് ലഭ്യമായ അന്വേഷണ റിപ്പോർട്ട് പരിശോധിച്ചതിനുശേഷം തുടർനടപടി

സ്വീകരിക്കുന്നതാണ്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടത്തിയ ശസ്ത്രക്രിയയ്ക്കിടെ കത്രിക വയറ്റിൽ കുടുങ്ങിയ ഹർഷീനയ്ക്ക് നീതി ഉറപ്പാക്കുന്നതാണ്. മെഡിക്കൽ കോളേജുകളുടെ റാങ്കിംഗിൽ ദേശീയ തലത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന് 44-ാം സ്ഥാനവും ദന്തൽ കോളേജിന് 25-ാം റാങ്കും ലഭിച്ചതും പൊതുജനാരോഗ്യ രംഗത്തെ "കേരള മോഡൽ" കൂടുതൽ മികവോടെ നിലനിർത്താൻ സാധിച്ചതും അഭിമാനകരമാണ്. ആരോഗ്യ രംഗത്ത് ചികിത്സയുമായി ബന്ധപ്പെട്ടും മെഡിക്കൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടും മികച്ച പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റി-യുടെ പരിഗണനയ്ക്ക് അയച്ചു.

(ii) 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകാത്തതിനെതിരെ ചുമത്തുന്ന പിഴ 500 രൂപയിൽനിന്നും 5,000 രൂപയായി വർദ്ധിപ്പിക്കുന്നതിനും അപ്പീൽ അധികാരിയായി ലേബർ കമ്മിഷണറെ ചുമതലപ്പെടുത്തുന്നതിനുംവേണ്ടിയുള്ള ഭേദഗതികളാണ്

പ്രസ്തുത ബില്ലിലൂടെ അവതരിപ്പിക്കുന്നത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 22-11-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മോട്ടോർ വാഹന നിയമങ്ങളിലെ അപാകതകൾമൂലം മോട്ടോർ വാഹനത്തൊഴിലാളികൾ ബുദ്ധിമുട്ടുകയാണ്. ലൈറ്റ് മോട്ടോർ വാഹന ലൈസൻസുണ്ടെങ്കിൽ 7500 കിലോഗ്രാംവരെയുള്ള ട്രാൻസ്പോർട്ട് വാഹനം ഓടിക്കാൻ ബാഡ്ജ് ആവശ്യമില്ലെന്ന സുപ്രീംകോടതിവിധി നിലനിൽക്കെ കേരളത്തിൽ അതിന് കടകവിരുദ്ധമായ സമീപനമാണ് സ്വീകരിക്കുന്നത്. ഒരു കാലാവധിയിൽത്തന്നെ രണ്ട് തവണ ലൈസൻസ് പുതുക്കണമെന്നതും ആറുമാസത്തിലൊരിക്കൽ വാഹന പുകപരിശോധന നടത്തണമെന്നതും ഓട്ടോറിക്ഷാ തൊഴിലാളികളുടെ ചെലവ് വർദ്ധിക്കാൻ കാരണമാകുന്നു. ദീർഘദൂര സർവ്വീസ് നടത്തുന്ന ഡ്രൈവർമാർക്ക് വിശ്രമ മുറിയും ഭക്ഷണവും ഉറപ്പുവരുത്തണം. ഈ ബില്ലിലെ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. എടപ്പാളിലെ ഡ്രൈവർ ട്രെയിനിംഗ് ആൻഡ് റിസർച്ച് സെന്ററിൽ അമിത ഫീസ് ഈടാക്കുന്നുവെന്ന പരാതി സംബന്ധിച്ച്

അന്വേഷിക്കണം. പെട്രോളിനും ഡീസലിനും ഏർപ്പെടുത്തിയ അധിക സെസ്സ് സ്വകാര്യ ബസ് മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. സ്വകാര്യ ബസ് തൊഴിലാളികൾക്ക് ശമ്പളപരിഷ്കരണം നടപ്പിലാക്കുകയും വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധം ബസ് ചാർജ്ജ് കൺസഷൻ പുതുക്കാനാകുമോയെന്ന് പരിശോധിക്കുകയും വേണം.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ചുമതലപ്പെടുത്തിയതു പ്രകാരം <u>ശ്രീ. എച്ച്. സലാം</u>: 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലുടമ മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകാത്ത നടപടിക്കെതിരെ അവകാശവാദമുന്നയിക്കാനും ക്ലെയിം ഫയൽ ചെയ്യാനും അത് തീർപ്പാക്കാൻ അധികാരിയെ ചുമതലപ്പെടുത്താനും ന്യായമായ കൂലി നൽകുന്നില്ലെന്ന് കണ്ടെത്തിയാൽ പിഴത്തുക വർദ്ധിപ്പിക്കുന്നതിനുമുള്ള ഭേദഗതികളാണ് അവതരിപ്പിച്ചിട്ടുള്ളത്. മോട്ടോർ വ്യവസായ രംഗം നേരിടുന്ന പ്രതിസന്ധി പരിഗണിച്ച് തൊഴിലുടമ നൽകേണ്ട പിഴത്തുക അയ്യായിരമായി വർദ്ധിപ്പിക്കാനുള്ള ഭേദഗതി പുനഃപരിശോധിക്കണം. പെട്രോളിയം ഉല്പന്നങ്ങളുടെ അടിക്കടിയുള്ള വില

വർദ്ധനയും കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളും മോട്ടോർ വാഹന മേഖലയെ തളർത്തുകയാണ്. കേന്ദ്ര മോട്ടോർ വാഹന ഭേദഗതിയിലൂടെ ഈ മേഖലയെ കോർപ്പറേറ്റുകൾക്ക് തീറെഴുതിയിരിക്കുകയാണ്. സ്പെയർപാർട്സ് ഷോപ്പുകൾ, വർക്ക്ഷോപ്പുകൾ, ഡ്രൈവിംഗ് സ്കൂൾ തുടങ്ങിയ അനുബന്ധ മേഖലകൾ കുത്തകകൾക്ക് കൈമാറുന്ന നിലപാടാണ് കേന്ദ്രം സ്വീകരിക്കുന്നത്. രജിസ്ട്രേഷൻ, ലൈസൻസ്, ഫിറ്റ്നസ്, ഇൻഷ്വറൻസ് പ്രീമിയം എന്നിവ കുത്തനെ വർദ്ധിപ്പിച്ച കേന്ദ്ര ഗവൺമെന്റിന്റെ നടപടിയിലൂടെ മോട്ടോർ വാഹന മേഖല ഗുരുതര പ്രതിസന്ധി നേരിടുകയാണ്. മോട്ടോർ വാഹനത്തൊഴിലാളികൾക്ക് അധ്വാനത്തിനനുസരിച്ചുള്ള കൂലി ഉറപ്പാക്കാനും ദീർഘദൂര യാത്രകളിൽ വിശ്രമത്തിനായി ഇടത്താവളങ്ങളൊരുക്കുന്നതിനും സംവിധാനമുണ്ടാകണം. നിശ്ചയിക്കപ്പെട്ട കൂലി കൃത്യതയോടെ ലഭ്യമാക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഭേദഗതി സ്വാഗതാർഹമാണ്. ചുമട്ടുതൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലി ഉറപ്പാക്കിക്കൊണ്ട് ജോലിഭാരം ലഘൂകരിക്കാൻ സ്വീകരിച്ച നടപടികളും 'കേരള സവാരി' എന്ന പേരിൽ സർക്കാർ ഓൺലൈൻ ടാക്സി സംവിധാനം ഏർപ്പെടുത്തി വനിതാ ഡ്രൈവർമാരുടെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞതും സ്വാഗതാർഹമാണ്. രാജ്യത്തെ ഏറ്റവും കൂടുതൽ

കൂലി ലഭിക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. റോഡുകളിൽ എ.ഐ ക്യാമറ സ്ഥാപിച്ചതിലൂടെ കുറ്റകൃത്യങ്ങളുടെയും അപകടങ്ങളുടെയും എണ്ണത്തിൽ കുറവുണ്ടായി എന്നത് എടുത്തുപറയേണ്ട കാര്യമാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): മോട്ടോർ വ്യവസായ മേഖലയിലെ പ്രതിസന്ധി പരിഹരിച്ച് തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെ രാജ്യത്ത് ലേബർ കോഡുകൾ നടപ്പിലാക്കുന്നതിനുള്ള ശ്രമമാണ് കേന്ദ്ര സർക്കാർ നടത്തുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും വില നിർണ്ണയാധികാരം എണ്ണക്കമ്പനികൾക്ക് നൽകിയതും സ്പെയർ പാർട്സിന്റെ വില വർദ്ധനവും മോട്ടോർ വാഹന വ്യവസായ മേഖലയെ പ്രതികൂലമായി ബാധിക്കുകയാണ്. തൊഴിലാളികൾക്ക് ന്യായമായ കൂലി കൊടുക്കാതിരിക്കുന്നതിനുള്ള ശിക്ഷ 5000 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും കേസ് പരിഗണിക്കുന്നതിനുള്ള അധികാരം ലേബർ കമ്മീഷണർക്ക് നൽകുന്നതിനും പരാതി നൽകുന്നതിന് തൊഴിലാളി സംഘടനകൾക്ക് അവകാശം നൽകുന്നതിനുമുള്ള ഭേദഗതികളാണ് ബില്ലിൽ കൊണ്ടുന്നിട്ടുള്ളത്. ദീർഘദൂര സർവ്വീസ് നടത്തുന്ന ഡ്രൈവർമാർക്ക് അവരുടെ വാഹനം പാർക്ക്

ചെയ്യുന്നതിനും വിശ്രമസൗകര്യമൊരുക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. സർക്കാർ മേഖലയിൽ തിരുവനന്തപുരത്ത് നടപ്പിലാക്കിയ 'കേരള സവാരി' ഓൺലൈൻ ടാക്സി സമ്പ്രദായം കേരളത്തിലെ എല്ലാ നഗരങ്ങളിലും പരീക്ഷണാർത്ഥം നടപ്പിലാക്കുന്നതാണ്. ആവശ്യമായ പ്രചാരണം നൽകിയാൽ ഈ രംഗത്ത് നിലനിൽക്കുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മോട്ടോർ ട്രാൻസ്പോർട്ട് രംഗത്തെ തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടി റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(3) 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ.ചിഞ്ചുറാണി): 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീമതി ജെ. ചിഞ്ചുറാണി: 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി ജെ. ചിഞ്ചുറാണി: ക്ഷീരകർഷകർക്കും കുടുംബത്തിനും ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിനും ഉരുക്കൾക്കും മറ്റും തീറ്റയും ഔഷധവും മിതമായ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനും ഈ ഭേദഗതി കൊണ്ടുവരുന്നതിലൂടെ സാധിക്കും. ക്ഷേമനിധിയുടെ സുഗമമായ പ്രവർത്തനത്തിന് ഭരണസമിതിയിൽ ആനന്ദ്

മാതൃകാ സംഘങ്ങളുടെയും ധനകാര്യ/നിയമ/ക്ഷീരവികസന വകുപ്പുകളുടെയും ഉദ്യോഗസ്ഥ പ്രാതിനിധ്യം ഉറപ്പുവരുത്തണമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ഭേദഗതി നിയമം കൊണ്ടുവരാൻ തീരുമാനിച്ചത്. ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്ന കർഷകർക്ക് സാമൂഹിക/ സാമ്പത്തിക ഉന്നമനം ഉറപ്പാക്കുക, പാലുല്പാദനരംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുക, സഹകരണമേഖല ശക്തിപ്പെടുത്തുക, കൂടുതൽ യുവജനങ്ങളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി ആരംഭിച്ച ഈ ക്ഷേമനിധിയിൽ നിന്ന് അംഗങ്ങൾക്ക് പെൻഷൻ, കുടുംബപെൻഷൻ, വിവാഹധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മികച്ച ക്ഷീരകർഷകർക്കുള്ള അവാർഡ് തുടങ്ങിയവ നൽകിവരുന്നു. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എം. എം. മണി: 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.12.2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഇന്ത്യയിൽ ഒരു സംസ്ഥാനത്തുമില്ലാത്ത നിലയിൽ ക്ഷീരകർഷകർക്ക്

സംരക്ഷണം നൽകാൻ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള നിയമം വിപുലീകരിക്കുന്നതിലൂടെ സാധിക്കും. ഈ രംഗത്ത് പ്രവർത്തിക്കുന്ന ക്ഷീരകർഷകർക്ക് മെച്ചപ്പെട്ട ജീവിതസാഹചര്യം ഉറപ്പുവരുത്തുന്നതിന് ഈ നിയമഭേദഗതി സഹായകരമാകും.

ശ്രീ. എം. മുകേഷ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എം. രാജഗോപാലൻ: 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ക്ഷീരകർഷക ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ എണ്ണം 12-ൽ നിന്നും 15 ആക്കി ഉയർത്താനും ആനന്ദ് മാതൃകാ സംഘങ്ങളുടെ പ്രതിനിധികൾക്ക് ബോർഡിൽ അംഗത്വം ഉറപ്പാക്കാനും സംഘം പ്രസിഡന്റുമാരിൽ നിന്ന് 3 പേരെ ബോർഡിലേയ്ക്ക് നോമിനേറ്റ് ചെയ്യാനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ക്ഷീര വികസന വകുപ്പിലെ ജോയിന്റ് സെക്രട്ടറിയെ നിയമിക്കാനും അംശദായം കൃത്യമായി അടയ്ക്കാത്ത സംഘങ്ങളിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും പലിശ സഹിതം തുക ഈടാക്കാനും മതിയായ കാരണം ബോധിപ്പിക്കുന്ന പക്ഷം ടി കാര്യത്തിൽ പുനഃപരിശോധന നടത്താനുമുള്ള വ്യവസ്ഥ ഈ ബില്ലിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ഷീരകർഷകർക്ക് ആശ്വാസം പകരുന്നതിനും ക്ഷേമം ഉറപ്പുവരുത്തുന്നതിനുംവേണ്ടി നിലവിൽ വന്ന കേരള ക്ഷീരകർഷക ക്ഷേമനിധിയുടെ പ്രവർത്തനത്തിലൂടെ കർഷകരുടെ സാമൂഹിക/സാമ്പത്തിക ഉന്നമനം ഉറപ്പാക്കുന്നതിനും പാലുല്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സാധിക്കുന്നതാണ്. പാലുല്പാദനത്തിൽ സ്വയംപര്യാപ്ത കൈവരിക്കുന്നതിനും കാലിത്തീറ്റയുടെ വിലക്കയറ്റം നിയന്ത്രിക്കാനും കാലികൾക്ക് സമയബന്ധിതമായി പ്രതിരോധ കുത്തിവയ്പ്പ് നൽകാനും നടപടി സ്വീകരിക്കണം. സംസ്ഥാനത്തൊട്ടാകെ കർഷകർക്ക് മികച്ച കന്നുകുട്ടികളെ ലഭ്യമാക്കാനും തീറ്റപ്പുൽകൃഷി ശാസ്ത്രീയമായി നടത്താനുമുള്ള ധനസഹായം ഉറപ്പുവരുത്തണം. ചെലവ് കുറഞ്ഞതും പ്രകൃതിക്കനുയോജ്യവുമായ തൊഴുത്തുകളുടെ അപര്യാപ്തത പരിഹരിക്കാനും വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകൾ അടിയന്തരമായി നികത്താനും നടപടി സ്വീകരിക്കണം.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): കേരളത്തിൽ ക്ഷീര സംഘങ്ങൾ വഴി കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കുന്നുണ്ട്. 50 കിടാരികളടങ്ങുന്ന പാർക്കുകൾ ഇടുക്കി ഉൾപ്പെടെയുള്ള ജില്ലകളിൽ ആരംഭിച്ചതോടൊപ്പം കർഷകർക്കാവശ്യമായ നല്ലയിനം പശുക്കളെ വിതരണം ചെയ്യാനും സാധിച്ചിട്ടുണ്ട്. കുളമ്പുരോഗ നിവാരണത്തിന് നടപടി സ്വീകരിച്ചതോടൊപ്പം കാസർഗോഡ് ജില്ലയിൽ ഈ രോഗം

വ്യാപകമാകാതിരിക്കാൻ മുൻകരുതൽ എന്ന നിലയിൽ മറ്റ് പശുക്കൾക്ക് വാക്സിൻ നൽകുന്നതിനായി ഡോക്ടർമാരുടെ സേവനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ തനത് ഇനമായ വെച്ചൂർ പശുവിന്റെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. വെറ്ററിനറി ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്. ക്ഷീരകർഷകർക്കും കുടുംബത്തിനും സഹായം ലഭ്യമാക്കാൻ സാധിക്കുന്ന ഇൻഷ്വറൻസ് പദ്ധതിയും ഉരുക്കൾക്ക് തീറ്റയും ഔഷധവും മിതമായ നിരക്കിൽ വിതരണം ചെയ്യുന്നതിനുമുള്ള വ്യവസ്ഥയും ഉൾപ്പെടുത്തും. നിലവിലെ ഭരണ സമിതിയിൽ ആനന്ദ് സംഘങ്ങളുടെ മാതൃകയിൽ ധനകാര്യ/നിയമ/ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനാണ് ഭേദഗതിയിലൂടെ ലക്ഷ്യമാക്കുന്നത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച 1-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ വൈകുന്നേരം 4.50-ന് പിരിഞ്ഞു.

******